(സി) പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം തടസ്സപ്പെടാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

(ഡി) തടസ്സങ്ങൾ ഒഴിവാക്കി എപ്പോൾ അവയുടെ നിർമ്മാണം ആരംഭിക്കുവാൻ കഴിയുമെന്നും എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ചേലക്കര മണ്ഡലത്തിൽ ആരംഭിച്ചിട്ടുള്ള കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ ഗവൺമെന്റ് ഐ.ടി.ഐ. ദേശമംഗലത്തിന്റെ പ്രവൃത്തി മാത്രമാണ് മുടങ്ങിക്കിടക്കുന്നത്.

(ബി) പ്രസ്തുത പ്രവൃത്തി 4-4-2012-ന് ആരംഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തി 3,01,64,847 രൂപയ്ക്കാണ് എഗ്രിമെന്റ് വച്ചിട്ടുള്ളത്.

(സി&ഡി) കരാറുകാരൻ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തിയാക്കുന്നതിൽ കാലതാമസം വരുത്തിയിരിക്കുകയാണ്. ഈ പ്രവൃത്തി, കരാർ കാലാവധിക്കുള്ളിൽത്തന്നെ പൂർത്തിയാക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകുന്നതാണ്.

പെരപ്പയം പാലത്തിന്റെ ടെണ്ടർ നടപടികൾ

222 (5307) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചടയമംഗലം മണ്ഡലത്തിലെ പെരപ്പയം പാലത്തിന്റെ ഭരണാനുമതി ലഭ്യമായ സാഹചര്യത്തിൽ ടെണ്ടർ നടപടികൾ സത്വരം സ്വീകരിക്കുന്നതിന് ആവശ്യമായ ഉത്തരവ് നൽകുമോ ?

ഉത്തരം

ചടയമംഗലം മണ്ഡലത്തിലെ പെരപ്പയം പാലത്തിന്റെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്.

കണ്ണൂർ ജില്ലയിലെ മേജർ ജില്ലാ റോഡുകൾ

223 (5308) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി മേജർ ജില്ലാ റോഡുകളായി പ്രഖ്യാപിച്ച് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ വന്നിട്ടുള്ള ആകെ എത്ര കിലോമീറ്റർ റോഡുകളാണ് കണ്ണൂർ ജില്ലയിലുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly